## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 658** — **30.07.2015-ൽ മറുപടിക്ക്**

### പാറഖനന മേഖലയിലെ മലിനീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. ടി. എ. അഹമ്മദ് കബീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

.....

| ചോദ്യം | മറുപടി |
| --- | --- |
| (എ) പാറഖനനമേഖലയിൽ മലിനീകരണ നിയന്ത്രണ ബോർഡിനുള്ള നിയന്ത്രണ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1981 എന്നിവ പ്രകാരം മലിനീകരണ നിയന്ത്രണത്തിനുതകുന്ന തരത്തിലുള്ള നിബന്ധനകൾ ഉൾപ്പെടുത്തി പാറഖനനത്തിന് അനുമതി നൽകുകയാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഈ മേഖലയിലെ ഉത്തരവാദിത്തം. |
| (ബി) ഖനന മേഖലയിലെ മലിനീകരണംമൂലം ജനങ്ങൾക്കുണ്ടാകുന്ന ശാരീരിക മാനസിക ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കാനുള്ള ഉത്തരവാദിത്വം ബോർഡിൽ നിക്ഷിപ്തമാണോ; | (ബി) ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനുള്ള ചുമതല ബോർഡിന്റെ അധികാര പരിധിയിൽ വരുന്നില്ല. ഇത് ആരോഗ്യവകുപ്പ് നടപടി എടുക്കേണ്ട വിഷയമാണ്. |
| (സി) എങ്കിൽ ബോർഡിൽ നിന്നും ഖനനത്തിനുള്ള അനുമതി നൽകുന്നതിന് മുമ്പ് പരിസരവാസികളുടെ അഭിപ്രായം തേടുകയും ന്യായമായ ആവലാതികൾക്ക് പരിഹാരമുണ്ടാക്കുകയും വേണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ? | (സി) ഉത്തരം 'ബി'യുടെ വെളിച്ചത്തിൽ ബാധകമല്ല. ജലമലിനീകരണവും വായുമലിനീകരണവും സംബന്ധിച്ച പരാതികൾ ലഭിച്ചാൽ പരാതി പരിശോധിച്ച് ബന്ധപ്പെട്ടവരെ നേരിൽ കേട്ട് ബോർഡ് നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ